08/06/2020
17. 2. 20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2791(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 16969/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.പി.ഇ.പ്രഭാകരൻ,
S/o കുഞ്ഞപ്പൻ നായർ, പെരളം പി.ഒ,
കൊഴുമ്മൽ – 670521. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് കാര്യാലയം,
കരിവെള്ളൂർ പി.ഒ, കണ്ണൂർ.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.06.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16.07.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 28.08.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.10.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.11.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.ഇ.പ്രഭാകരൻ, 29.10.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.05.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

i) കരിവെള്ളൂർ -പെരളം പഞ്ചായത്തിന്റെ നിലവിലുള്ള ശ്മശാനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിവരം പഞ്ചായത്തിൽ ലഭ്യമാണോ? ആണെങ്കിൽ നിലവിലുള്ള ശ്മശാനങ്ങൾ ഏതൊക്കെ?

ii) കേരള പഞ്ചായത്ത് Burning and Burial rules പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ടോ? ഇല്ലെങ്കിൽ സൂക്ഷിക്കാതിരിക്കാനുള്ള കാരണം എന്താണ്? എന്നതുമായി ബന്ധപ്പെട്ട് 5 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. അപ്പീൽ അധികാരി 17.12.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി ഇരു കക്ഷികൾക്കും നേർ വിചാരണയ്ക്ക് ഹാജരാകുന്നതിന് നോട്ടീസ് നൽകി നേരിൽ കേൾക്കുകയും പഞ്ചായത്തിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ 28.08.2014 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവാകുകയും ചെയ്തു എന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ

സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM